## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നം. 160 — 13.7.2016 - ൽ മറുപടിയ്ക്ക്

## മൊബൈൽ ടവറുകൾ ഉയർത്തുന്ന ഭീഷണി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എഫ്. തോമസ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ്<br>ഡോ. എൻ. ജയരാജ് | | ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) | |
| എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മൊബൈൽ ടവറുകൾ പൊതുജനാരോഗ്യത്തിന് ഏതെങ്കിലും തരത്തിൽ ഹാനികരമാണോ; ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) | ആരോഗ്യ വകുപ്പ് ഇതു സംബന്ധിച്ച് പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല. കേന്ദ്ര ടെലി കമ്മ്യൂണിക്കേഷൻ വകുപ്പിന്റെ ഇതു സംബന്ധിച്ച മാർഗ്ഗ രേഖകൾ അനുസരിച്ചാണ് മൊബൈൽ ടവറുകൾക്ക് അനുമതി നൽകി വരുന്നത്. |
| ബി) | ജനവാസകേന്ദ്രങ്ങളിൽ മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിന് നിലവിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | ബി) | വിവരസാങ്കേതിക വകുപ്പിന്റെ 15.3.2014 – ലെ സ.ഉ (എം.എസ്) 14/2014/വി.സ.വ നമ്പർ ഉത്തരവിൽ മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു) |
| സി) | നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പൊതുജനാരോഗ്യത്തിന് ഹാനികരമാകുന്ന രീതിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള മൊബൈൽ ടവറുകൾ നീക്കം ചെയ്യുന്നതിനും ആവശ്യമായ ബദൽ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | സി) | നിലവിലെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സ്ഥാപിച്ചിട്ടുള്ള ടവറുകൾ നീക്കം ചെയ്യുന്നതിന് പൊതുജനങ്ങൾക്ക് ജില്ലാ ടെലികോം കമ്മിറ്റികളെ സമീപിക്കുന്നതിനും, ആയതിന്റെ അടിസ്ഥാനത്തിൽ ടവറുകൾ സ്ഥാപിക്കുന്നതിനു നൽകിയ അനുമതി റദ്ദാക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ശുപാർശ നൽകുന്നതിനും വിവരസാങ്കേതിക വകുപ്പ് സ.ഉ. (കൈ) നം. 25/2014/വി.സ.വി തീയതി 02.8.2014 പ്രകാരം ജില്ലാ കമ്മിറ്റികൾക്ക് അധികാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**